LIBRARY ARCHIVES Kerala Legislative Assembly

കൂവ്വപ്പടി ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ പി. ഡി. അക്കൗണ്ടുകൾ മരവിപ്പിച്ച നടപടി

18 [475] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ കൂവ്വപ്പടി ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ പി.ഡി. അക്കൗണ്ടുകൾ ജി. ഒ. (പി) നമ്പർ 381/03/ഫിൻ തീയതി 9-7-2003 പ്രകാരം മരവിപ്പിച്ചപ്പോൾ തനത് ഫണ്ടും ബി വിഭാഗം ഫണ്ടും ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന് അർഹമായ വൻ തുക തിരിച്ചുപിടിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും തുക തിരികെ ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) സർക്കാർ നിർദ്ദേശിച്ച പ്രകാരം എറണാകുളം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്തിന്റെ മരവിപ്പിച്ച അക്കൗണ്ടുകൾ പരിശോധന നടത്തിയിട്ടുണ്ടോ;

(ഇ) അന്വേഷണത്തിൽ ഗ്രാമപഞ്ചായത്തിന് ഫണ്ട് തിരികെ നൽകേണ്ടതുണ്ടോ;

(എഫ്) എറണാകുളം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ തനത് ഫണ്ടും ബി. വിഭാഗം ഫണ്ടും ഉൾപ്പെടെ 44,61,999 രൂപ ഗ്രാമപഞ്ചായത്തിന് തിരികെ നൽകേണ്ടതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ നാളിതുവരെ പ്രസ്തുത 44,61,999 രൂപ ഗ്രാമപഞ്ചായത്തിന് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എച്ച്) കൂവ്വപ്പടി ഗ്രാമപഞ്ചായത്തിന്റെ മരവിപ്പിച്ച അക്കൗണ്ടുകളിലെ പഞ്ചായത്തിന് അർഹതപ്പെട്ട തുകകൾ തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഐ) ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

ഉത്തരം

(എ) 9-7-2003-ലെ 381/03/ധന ഉത്തരവ് പ്രകാരം നിർത്തലാക്കിയ പ്ലാൻ പി. ഡി. അക്കൗണ്ടിൽ നിലനിന്നിരുന്ന നോൺ പ്ലാൻ ഫണ്ടുകളും തനത് ഫണ്ടുകളും ടി ഉത്തരവിലെ വ്യവസ്ഥ പ്രകാരം വി. പി. എഫ്. അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നുവെങ്കിലും യഥാസമയം കൂവ്വപ്പടി ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കാതിരുന്നതിനാൽ ടി ഫണ്ട് നഷ്ടപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഫണ്ട് തിരിച്ചു പിടിച്ചതല്ല.

(ബി) ഉണ്ട്.

(സി) കൂവ്വപ്പടി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിൻമേൽ സർക്കാർ ആവശ്യപ്പെട്ട പ്രകാരം എറണാകുളം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ തനത് ഫണ്ടിനെ സംബന്ധിക്കുന്ന പരിശോധനാ റിപ്പോർട്ട് നൽകിയിരുന്നു. 9-7-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 381/03/ധന പ്രകാരം ടി തുക വി. പി. എഫ്. അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നതിന് കൂവ്വപ്പടി ഗ്രാമപഞ്ചായത്ത് യഥാസമയം ആവശ്യമായ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ലാത്തതിനാലാണ് ടി അക്കൗണ്ടിൽ 31-3-2004-ൽ മിച്ചമായി നിലനിന്നിരുന്ന തുക സർക്കാരിലേക്ക് തിരിച്ചുവരവ് വയ്ക്കുന്നതിന് ഇടയായത്. നിറുത്തലാക്കിയ പ്ലാൻ പി. ഡി. അക്കൗണ്ടിൽ ബാക്കി തുകയൊന്നും ഇല്ലാത്തതിനാൽ തുക തിരികെ നൽകണമെന്ന അപേക്ഷ പരിഗണിക്കുവാൻ സാധിച്ചില്ല. 10-12-2004-ലെ സർക്കാർ കത്ത് നമ്പർ 69808/ബ. വി. ജെ2/04/ധന പ്രകാരം കൂവ്വപ്പടി ഗ്രാമ പഞ്ചായത്തിനെ ഇക്കാര്യം അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സമയോചിതമായ നടപടി ഉണ്ടാകാത്തത് കൊണ്ടാണ് ഫണ്ട് നഷ്ടപ്പെടുവാൻ ഇടയായത്. നിറുത്തലാക്കിയ ഫണ്ടിൽ തുകയൊന്നും ബാക്കിയില്ലാത്തതിനാൽ തുക ടി അക്കൗണ്ടിൽ നിന്നും തിരികെ നൽകാൻ കഴിയുകയില്ല.

(എഫ്) ഉണ്ട്.

(ജി) 9-7-2003-ൽ നിറുത്തലാക്കിയ പ്ലാൻ പി. ഡി. അക്കൗണ്ടിൽ മിച്ചമായി നില നിന്ന തുക 31-3-2004-ൽ സർക്കാരിലേക്ക് തിരിച്ചുവരവ് വച്ച സാഹചര്യത്തിൽ ഇപ്പോൾ അക്കൗണ്ടിൽ തുകയൊന്നും ലഭ്യമല്ല. ആയതിനാൽ തുക് തിരികെ നൽകുന്നതിന് കഴിയുകയില്ല.

(എച്ച്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 9-7-2003-ൽ നിറുത്തലാക്കിയ പ്ലാൻ പി. ഡി. അക്കൗണ്ടുകളിൽ നിന്ന് മാറ്റി നിക്ഷേപിക്കുവാൻ കഴിയാതെ വന്നതും ലാപ്സായതുമായ അനുവദനീയ ഫണ്ടുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭരണവകുപ്പിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഒരു തീരുമാനം എടുക്കുന്നതാണ്.

(ഐ) ബാധകമല്ല.

വിദേശമദ്യ വിൽപ്പന

19 [475] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-നു ശേഷം ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന വിദേശമദ്യത്തിന്റെ വില സംസ്ഥാന സർക്കാർ എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട്; അവസാനമായി വില വർദ്ധിപ്പിച്ചത് എന്നാണ്;

(ബി) ഓരോ ബ്രാന്റിനും എത്ര ശതമാനമാണ് വർദ്ധനവ് വരുത്തിയത്;

LIBRARY ARCHIVES Kerala Legislative Assembly